# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.03.2015 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1089**

## സ്കൂൾ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിൽക്കുന്നത്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സ്വകാര്യ സ്കൂൾ മാനേജർമാർ ലാഭകരമല്ലാത്ത സ്കൂളുകളുടെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിൽക്കുന്നതിനായി സ്കൂൾ അടച്ച് പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത കുടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കേരള വിദ്യാഭ്യാസ ചട്ടം സെക്ഷൻ 7(6) പ്രകാരം സ്കൂൾ അടച്ച് പൂട്ടുവാനുള്ള അധികാരം മാനേജർമാർക്കുള്ളതാണ് ദുരുപയോഗം ചെയ്യുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. |
| (സി) സ്കൂൾ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിൽക്കുന്നത് നിരുത്സാഹപ്പെടുത്തിയും, വിദ്യാഭ്യാസ ചട്ടങ്ങളിലെ മാനേജർമാർക്കുള്ള അധികാരം നൽകുന്ന ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യുന്നതിന് നിയമവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ? | (സി) | കേരള വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 7(6), കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 5, ചട്ടം 24 എന്നിവ പ്രകാരമാണ് സ്കൂൾ അടച്ചു പുട്ടുന്നതിന് മാനേജർമാർക്ക് അധികാരം നൽകിയിട്ടുള്ളത്. എന്നാൽ ഈ അധികാരം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കൂളുകൾ അടച്ചു പുട്ടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ഒഴിവാക്കാനാവാത്ത വ്യവസ്ഥയായി ഉൾക്കൊള്ളിക്കുന്നതിന് കേരള വിദ്യാഭ്യാസ നിയമത്തിലും, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ